MONDAY 19.02.2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/02/2024

1. കേരള കാർഷിക സർവകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ പുതുതായി നിർമ്മിച്ച ഫാം ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (2024 ഫെബ്രുവരി 19ന്) രാവിലെ 9.30 മണിക്ക് സംസ്ഥാന റവന്യൂഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിക്കും. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.ബി.അശോക് ഐഎഎസ് അധ്യക്ഷത വഹിക്കും. ചടങ്ങിൽ ഫാമിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഫർമേറ്റീവ് ടൂറിസം പദ്ധതിയുടെ പ്രൊപ്പോസലിന്റെ വിശദീകരണവും വീഡിയോ പ്രദർശനവും നടത്തുന്നതായിരിക്കും.

2. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കാവേരി, ഗ്രാമശ്രീ ഇനങ്ങളിൽപെട്ട ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂവൻ ഒന്നിന് 5 രൂപയ്ക്കും പിട ഒന്നിന് 25 രൂപയ്ക്കും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ലഭ്യമാണ്. കോഴി മുട്ട ഒന്നിന് 5.50/-നും കോഴി വളം കിലോയ്ക്ക് 3 രൂപയ്ക്കും എല്ലാ ദിവസങ്ങളിലും ലഭ്യമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ പൗൾട്രി ഫാം മണർകാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481- 2373710, 8301897710

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലക്സിൽ മൂന്ന് രൂപയ്ക്ക് കോഴി വളം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

5. എറണാകുളം ജില്ലയിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി മാസം 20ന് **ഓമന പക്ഷികൾ വിനോദത്തിനും വരുമാനത്തിനും** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0484 2950408** എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഫെബ്രുവരി 21 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മൃഗസംരക്ഷണ പരിശീലനകേന്ദ്രം- ആതവനാട് കേരള കാർഷിക സർവകലാശാലയുമായി സംയോജിച്ച് 2024 – ഫെബ്രുവരി - 20 ന് 'മുട്ടക്കോഴി വളർത്തൽ, നൂതന പരിപാലന മാർഗ്ഗങ്ങൾ'' എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനടീലിൽ 2024 ഫെബ്രുവരി 20-ന് ഏകദിനപരിശീലനം നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ നടക്കുന്ന പരിശീലനത്തിന്റെ മാധ്യമം മലയാളം ആയിരിക്കും. റബ്ബർനടീൽ, പരിപാലനം എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

9. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പ് തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞികുളം, മഞ്ചേരി, ഉളിക്കൽ ആലക്കോട് കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414 എന്നിവയുടെ കപ്പുതൈകളാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും മേൽ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് പരിമിതമായ തോതിലും ലഭ്യമാണ്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (04812576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (8848880279) ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം